പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 333      18.03.2013 - ൽ മറുപടി നൽകേണ്ടിയിരുന്നത്.

## കാസർഗോഡ് ജില്ലയിലെ ക്രമസമാധാന പ്രശ്നം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ ക്രമസമാധാന പ്രശ്നം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാന മുസ്ലീംലീഗ് അദ്ധ്യക്ഷന് കാസർഗോഡിൽ സ്വീകരണം നൽകിയതുമായി ബന്ധപ്പെട്ടുണ്ടായ ആക്രമ സംഭവങ്ങളിലും വെടിവെപ്പിലും എത്ര പേരാണ് മരിച്ചത്; | (ബി) | രണ്ടു പേർ മരണപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (സി) | മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം 816/2009, 817/2009 & കോടതിയുടെ നിർദ്ദേശ പ്രകാരം രജിസ്റ്റർ ചെയ്ത കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം 85/2010. |
| (ഡി) | ഇതിൽ എത്ര കേസ്സുകളാണ് സി.ബി.ഐ.ക്ക് വിട്ടിട്ടുള്ളത്; | (ഡി) | ഈ കേസുകളിൽ കോടതി നിർദ്ദേശ പ്രകാരം രജിസ്റ്റർ ചെയ്ത കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം 85/2010, സി.ബി.ഐ. ക്ക് കൈമാറിയിട്ടുണ്ട്. |
| (ഇ) | നിസാർ കമ്മീഷന്റെ അന്വേഷണത്തിന് വിട്ടത് ഏതൊക്കെ കേസ്സുകളായിരുന്നു; | (ഇ) | വെടിവെയ്പ്പിന്റെ സാഹചര്യമാണ് കമ്മീഷന്റെ പരിധിയിൽ ഉണ്ടായിരുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | എത്ര പ്രതികളെയാണ് അറസ്റ്റുചെയ്തിട്ടുള്ളത്; | (എഫ്) | 43 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ജി) | മൊത്തം എത്ര പ്രതികളാണുള്ളത്; | (ജി) | ക്രൈം നമ്പർ 817/09 ൽ 5 പ്രതികൾ, ക്രൈം നമ്പർ 816/09 ൽ 500 ഓളം പ്രതികൾ, ക്രൈം നമ്പർ. 85/10 ൽ ഒരു പ്രതി. |
| (എച്ച്) | പ്രതികളിൽ എത്ര പേർ മുസ്ലീം ലീഗുകാരായുണ്ട്; | (എച്ച്) | ക്രൈം നമ്പർ 817/19 ൽ 5 പ്രതികൾ മുസ്ലീം ലീഗുകാരാണ്. ക്രൈം നമ്പർ 816/09 ലെ എല്ലാ പ്രതികളും മുസ്ലീംലീഗ് അനുഭാവികളാണ്. ക്രൈം നമ്പർ 85/10 കേസിലെ പ്രതി മുസ്ലീംലീഗുകാരൻ അല്ല. |
| (ഐ) | 14.12.2012 -ൽ നടന്ന യൂത്ത് ലീഗ് സമ്മേളനത്തോടനുബന്ധിച്ച് ബാറുകൾ അടച്ചിടുന്നതിന് കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; വിശദമാക്കാമോ? | (ഐ) | ക്രമസമാധാനപാലനം ഉറപ്പുവരുത്താനാവശ്യമായ നടപടികൾ കളക്ടർ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ